ഓഡിറ്റ് വി1/100526/2017/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 16-02-2018.

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസ ഉപമേധാവിയുടെ ഓഫീസിൽ നിന്നും, എയ്ഡഡ് കോളേജുകളിൽ ആഡിറ്റ് നടത്തുന്നതിന് മാനദണ്ഡം നിശ്ചയിക്കുന്നത് സംബന്ധിച്ച്.

സൂചന:- 14-07-2017-ലെ നമ്പർ ഡി1/191/2017/ഉ.വി.വ നമ്പർ സർക്കാർ കത്ത്.

**********

1). മേഖലാ ഓഫീസിലെ ആഡിറ്റ് സംഘം ഒരു മാസം രണ്ട് സ്ഥാപനം ആഡിറ്റ് നടത്തി എയ്ഡഡ് കോളേജുകളിലെ ആഡിറ്റ് കാലാനുസരണമാക്കേണ്ടതാണ്.

2). ഒരു വർഷത്തെ ആഡിറ്റ് പൂർത്തീകരിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള മനുഷ്യദിനം ഉപയോഗിക്കേണ്ടതാണ്.

ഗ്രേഡ് എ:- 1500 വിദ്യാർത്ഥികളും, ചുരുങ്ങിയത് 25 കോഴ്സും (5 പി.ജി ഉൾപ്പെടെ)

16 മനുഷ്യദിനം (4X4=16), (3X5=15)

ഗ്രേഡ് ബി:- 1200 വിദ്യാർത്ഥികൾ ചുരുങ്ങിയത് 17 കോഴ്സ് (2 പി.ജി ഉൾപ്പെടെ)

12 മനുഷ്യ ദിനം (4X3=12), (3X4=12)

ഗ്രേഡ് സി:- 900 വിദ്യാർത്ഥികൾ, ചുരുങ്ങിയത് 11 കോഴ്സ് (1 പി.ജി ഉൾപ്പെടെ)

8 മനുഷ്യദിനം (4X2=8), (3X3=9)

ഗ്രേഡ് ഡി:- മുകളിൽ വിവരിച്ച ഗ്രേഡിൽ ഉൾപ്പെടാത്ത കോളേജുകൾ

6 മനുഷ്യദിനം (4X1.5=6), (3X2=6)

3). കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതിയോടുകൂടി പ്രത്യേക സാഹചര്യങ്ങളിൽ മുകളിൽ വിവരിച്ചതിൽ കൂടുതൽ ദിവസം ഒരു കോളേജ് ആഡിറ്റ് നടത്തുന്നതിന് ഉപയോഗിക്കാവുന്നതാണ്.

4). സർക്കാർ ഖജനാവിൽ നിന്നുള്ള ചിലവും, വരവും ഉൾപ്പെടുന്ന എല്ലാ ഫയലുകളും ആഡിറ്റ് സംഘം പരിശോധിക്കേണ്ടതാണ്.

(ഗസ്റ്റ് അദ്ധ്യാപക നിയമനം, വാക്ക് വിത്ത് സ്കോളർ, സ്കോളർ സപ്പോർട്ട് പ്രോഗ്രാം, വിവിധ സർക്കാർ പദ്ധതികൾ മുതലയാവ)

5). എല്ലാ ത്രൈമാസത്തിലും ആഡിറ്റ് നടത്തിയ സ്ഥാപനങ്ങളുടെ വിവരവും, ആഡിറ്റ് നടത്തിയ കാലയളവും, ആഡിറ്റ് നടത്താനെടുത്ത ദിവസങ്ങളും ഉൾപ്പെടുത്തിയ ആഡിറ്റ് പുരോഗതി റിപ്പോർട്ട് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്/-
എം.എസ്.ജയ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

അംഗീകാരത്തോടെ

സൂപ്രണ്ട്

<u>പകർപ്പ്:-</u>

1). എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2). ഡയറക്ടറുടെ സി.എ
3). സീനിയർ എ.ഒ.യുടെ സി.എ
4). സീനിയർ എഫ്.ഒ.യുടെ സി.എ
5). സീനിയർ എ.എ
6). എ.ഒ (ആഡിറ്റ്)
7). നടപ്പുഫയൽ
8). കരുതൽ ഫയൽ
9). സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ശ്രീജ/16-02-18